ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം
(ഹാജർ ശ്രീ. ബി.റ്റി.വി. കൃഷ്ണൻ B.Tech. )

ഉത്തരവ് നമ്പർ ബി2/119/2020/സി.ഇ. തീയതി 28-09-2020

വിഷയം:- ഹാർബർ എഞ്ചിനീയറിഗ് വകുപ്പ്- ജീവനക്കാര്യം- അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. ഹരിലാൽ, ശ്രീ. പി. അനിൽകുമാർ എന്നിവരെ വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചുത്തരവാകുന്നു.

പരാമർശം :- 1) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. ഹരിലാലിന്റെ 11/9/2020-ലെ അപേക്ഷ
2) അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. അനിൽകുമാറിന്റെ 25/8/2020-ലെ അപേക്ഷ
3) 11/9/2020-ലെ ഇതേ നമ്പർ നടപടിക്രമം

പരാമർശം 3-ലെ ഉത്തരവ് പ്രകാരം ഒന്നാംഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻമാരായിരുന്ന ശ്രീ. പി. ഹരിലാൽ, ശ്രീ. പി. അനിൽകുമാർ എന്നിവരെ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ സ്ഥാനക്കയറ്റം നൽകി യഥാക്രമം കാസർഗോഡ് സബ് ഡിവിഷൻ, ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ എന്നീ കാര്യാലയങ്ങളിൽ നിയമിച്ചുത്തരവായിരുന്നു. ആയതുപ്രകാരം ശ്രീ. പി. അനിൽകുമാർ 22/9/2020-ലും ശ്രീ. പി. ഹരിലാൽ 25/9/2020-ലും ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

ആലപ്പുഴ ഡിവിഷനിലെ തീരദേശറോഡുകൾ, കൂടാതെ അർത്തുങ്കൽ, ചെത്തി, തോട്ടപ്പള്ളി ഹാർബറുകളിലെ നിർമ്മാണ പ്രവൃത്തികൾ എന്നിങ്ങനെ പ്രവൃത്തികളുടെ ബാഹുല്യവും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ T.S. പരിധി വർദ്ധിപ്പിച്ചതും നിമിത്തം നിലവിലുള്ള ജീവനക്കാരുടെ സേവനം കൊണ്ട് സമയബന്ധിതമായി കാര്യങ്ങൾ ചെയ്യുന്നതിന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ഡിവിഷന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ സേവനം കൂടി ലഭ്യമാക്കേണ്ടതുണ്ട്. ശ്രീ. പി. അനിൽകുമാറിന്റെ ശാരീരിക പരിമിതികൾ കണക്കിലെടുത്ത് അദ്ദേഹത്തിന്റെ സേവനം സൈറ്റിലെ ജോലികൾ നിർവ്വഹിക്കുന്നതിനേക്കാൾ ഓഫീസ് ജോലിയ്ക്കായിരിക്കും അനുയോജ്യമെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്. മാത്രമല്ല ഹോം ഡിസ്ട്രിക്ടിൽ നിന്നും വളരെയകലേയായ ബേപ്പൂരിൽ ജോലി ചെയ്യുന്നതിന് ടിയാന് ഒരുപാട് ബുദ്ധിമുട്ടുകളുമുണ്ട്. ആയതിനാൽ ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കാര്യാലയത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. അനിൽകുമാറിനെ ടിയാന്റെ ശാരീരിക പരിമിതികൾ കൂടി കണക്കിലെടുത്ത് ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആറുമാസത്തേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് നീണ്ടകര സബ് ഡിവിഷന് കീഴിൽ 45 കോടി രൂപയോളം അടങ്കൽ വരുന്ന NABARD (RIDF) പദ്ധതികൾക്ക് അംഗീകാരമായിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ നടപടിക്രമങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ ഇപ്പോഴത്തെ ജോലി ഭാരം കണക്കിലെടുത്താൽ ദുഷ്കരമാണ്. ഈ സാഹചര്യത്തിൽ കൊല്ലം ജില്ലയിലെ NABARD -RIDF XXVI പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ഡ്രോയിംഗ് എന്നിവ തയ്യാറാക്കുന്നതിനും ടെണ്ടർ നടപടിക്രമങ്ങൾക്കുമായി ഹാർബർ

എഞ്ചിനീയറിംഗ് കാസർഗോഡ് സബ് ഡിവിഷനിലെ അസിസ്റ്റന്റ് എഞ്ചിനിയർ ശ്രീ. പി.ഹരിലാലിനെ ഹാർബർ എഞ്ചിനിയറിംഗ് നീണ്ടകര സബ് ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ആറുമാസത്തേയ്ക്ക് ജോലിക്രമീകരണ വ്യവസ്ഥയിൽ നിയമിക്കുന്നു.

ഒപ്പ്

ചീഫ് എഞ്ചിനീയർ

സ്വീകർത്താവ്

1) ശ്രീ. പി. അനിൽകുമാർ അസി.എഞ്ചിനീയർ (മേലധികാരി മുഖേന)
(ശ്രീ. പി. അനിൽകുമാറിന്റെ ശമ്പളം ആലപ്പുഴ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ ഹാജർ സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ അസി.എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകേണ്ടതാണ്)

2) ശ്രീ. പി. ഹരിലാൽ , അസിസ്റ്റന്റ് എഞ്ചിനീയർ (മേലധികാരി മുഖേന)
(ശ്രീ. പി.ഹരിലാലിന്റെ ശമ്പളം നീണ്ടകര സബ് ഡിവിഷൻ അസി. എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ ഹാജർ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് സബ് ഡിവിഷൻ അസി. എക്സി. എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും നൽകേണ്ടതാണ്)

പകർപ്പ് :-

1) സൂപ്രണ്ടിംഗ് എഞ്ചിനീയർ, ഉത്തരമേഖല, കോഴിക്കോട്, മദ്ധ്യമേഖല, എറണാകുളം, ദക്ഷിണമേഖല, തിരുവനന്തപുരം
2) എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിവിഷൻ, കോഴിക്കോട്,കാസർഗോഡ്, ആലപ്പുഴ, കൊല്ലം
3) അസി.എക്സി. എഞ്ചിനിയർ, ബേപ്പൂർ ഇൻവെസ്റ്റിഗേഷൻ സബ് ഡവിഷൻ, കാസർഗോഡ് സബ് ഡിവിഷൻ
4) ബി2, വെബ് സൈറ്റ്

ഉത്തരവിൻപ്രകാരം

അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്